മത്സ്യത്തൊഴിലാളി ഗ്രാമ സംഘത്തിലെ അംഗത്വം

741. [1229] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളെ മാത്രം മത്സ്യത്തൊഴിലാളി ഗ്രാമ സംഘത്തിൽ ചേർക്കുന്നതു കാരണം പ്രായാധിക്യം വന്ന മത്സ്യത്തൊഴിലാളികൾക്ക് ഗ്രാമ സംഘത്തിൽ അംഗമാകാൻ സാധിക്കുന്നില്ലെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് വാർദ്ധക്യകാല പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഗ്രാമ സംഘത്തിൽ അംഗമല്ലെന്നുള്ള കാരണത്താൽ മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കുകയില്ലെന്ന് ഉറപ്പു വരുത്താൻ സാധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രായാധിക്യംമൂലം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത 60 വയസ്സ് പൂർത്തിയായ മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ നല്കാൻ നടപടി സ്വീകരിച്ചുവരുന്നു. 65 വയസ്സു വരെയുള്ള പ്രായം ചെന്നവർക്ക് അപകടമരണം സംഭവിച്ചാൽ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കി കഴിഞ്ഞിട്ടുണ്ട്.

(സി) ഗ്രാമസംഘത്തിൽ അംഗമല്ലെന്നുള്ള കാരണത്താൽ മൽസ്യത്തൊഴിലാളികൾക്ക് പെൻഷൻ നിഷേധിക്കാൻ ഗവൺമെന്റിനുദ്ദേശമില്ല.

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള മത്സ്യഫെഡിന്റെ സ്കീം

742. [1230] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിൽ നിന്ന് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന സ്കീം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നാളിതുവരെ എന്തു തുക സബ്സിഡിയായി നൽകി എന്ന് വ്യക്തമാക്കുമോ ;

(സി) സബ്സിഡി ലഭിക്കാൻ അർഹരായുള്ളവരുടെ അപേക്ഷയിൻമേൽ തീരുമാനമെടുക്കാതെയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളിതുവരെ 23.909 ലക്ഷം രൂപ സബ്സിഡിയായി നൽകി.

(സി) ഉണ്ട്.

(ഡി) സബ്സിഡി നൽകാൻ ആവശ്യമായ പണം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ 1986 ഏപ്രിലിനു ശേഷമുള്ള അപേക്ഷകൾ ബാങ്കിലേക്ക് അയയ്ക്കാൻ കഴിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly